**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 696** **23-02-2022 - ൽ മറുപടിയ്ക്ക്**

**ജില്ലാ സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരളാ ബാങ്കിൽ ലയിപ്പിക്കുന്നതിന് മുമ്പ് ജില്ലാ ബാങ്കുകളിൽ വൻ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് പരാമർശിച്ചിട്ടുള്ള ഓഡിറ്റ് റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | അനർഹമായ സ്ഥാനക്കയറ്റങ്ങൾ ഉൾപ്പടെയുള്ള ക്രമക്കേടുകൾ സംബന്ധിച്ച് അടിയന്തരമായി പരിശോധിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ; | (ബി) | കേരള ബാങ്കിൽ ലയിപ്പിച്ചിട്ടുള്ള ജില്ലാ സഹകരണ ബാങ്കുകളിൽ മുൻ കാലങ്ങളിൽ നൽകിയിട്ടുള്ള അനർഹമായ സ്ഥാനക്കയറ്റങ്ങൾ ഉൾപ്പെടെയുള്ളവ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ബാങ്കിലെ ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർമാർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായിട്ടുള്ള റിപ്പോർട്ടിന്മേൽ നടപടികൾ സ്വീകരിച്ച് അനർഹമായി അനുവദിച്ചിട്ടുള്ള സ്ഥാനക്കയറ്റങ്ങളും ആനുകൂല്യങ്ങളും ക്രമീകരിക്കുന്നതിന് സംസ്ഥാന സഹകരണ ബാങ്കിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (സി) | അനധികൃത സ്ഥാനക്കയറ്റങ്ങൾ നടത്തുന്നത് കാരണം ഒട്ടേറെ പി.എസ്.സി ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ബാങ്കിലെ ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർമാർ അനധികൃത സ്ഥാനക്കയറ്റങ്ങൾ സംബന്ധിച്ച് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായിട്ടുള്ള റിപ്പോർട്ടിന്മേൽ സംസ്ഥാന സഹകരണ ബാങ്ക് നടപടികൾ സ്വീകരിച്ച് ക്രമീകരണങ്ങൾ പൂർത്തിയാക്കി കഴിയുമ്പോൾ മാത്രമേ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി വഴിയുള്ള തൊഴിൽ അവസരങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന് മനസ്സിലാക്കാനും തുടർനടപടികൾ സ്വീകരിക്കാനും സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ